(ഡി) സംസ്ഥാന ഐ. ടി. മിഷൻ ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) ഐ. ടി. രംഗത്തെ പുതിയ തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ—സി) തിരുവനന്തപുരം ടെക്നോപാർക്കിൽ ഐ. ടി. മേഖലയിൽ 50 കമ്പനികൾ പ്രവർത്തിച്ചുവരുന്നു. കെ. എസ്. ഐ. ഡി. സി. യുടെ സഹായത്തോടെ സംസ്ഥാനത്ത് ഐ. ടി. മേഖലയിൽ 33 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടെക്നോപാർക്കിലും കെ. എസ്. ഐ. ഡി. സി. മുഖേനയും സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഐ. ടി. സംരംഭങ്ങളുടെ പേരു വിവരവും അവയിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും ഉൾക്കൊള്ളുന്ന വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.† ഇതിനുപുറമേ കിൻഫ്രയുടെ കീഴിൽ എറണാകുളത്ത് കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ 3 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഈ 3 കമ്പനികളിലുമായി 60-ഓളം പേർ ജോലി ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് ചെറുകിട വ്യവസായ രംഗത്തും ഐ. ടി. മേഖലയിൽ സോഫ്റ്റ്വെയർ/ഡി. റ്റി. പി. ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം ആരംഭിച്ചുള്ള പദ്ധതികൾ/സംരംഭങ്ങൾ സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ചിട്ടുള്ളവയല്ല. എന്നാൽ സർക്കാർ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് ഐ. ടി. യുടെ ഉപയോഗംമൂലം സേവനം ലഭ്യമാക്കുന്ന പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) സർക്കാർ ഏജൻസികളുടെ ബില്ലുകൾ അടയ്ക്കുന്നതിന് ജില്ലാ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ജനസേവന കേന്ദ്രങ്ങൾ, വിവര സാങ്കേതിക അസമത്വം പരിഹരിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള "അക്ഷയ" പദ്ധതി, ഗ്രാമീണ ജനങ്ങൾക്ക് കമ്പ്യൂട്ടറും ഇന്റർനെറ്റും ഉപയോഗിച്ച് വിവരങ്ങൾ അറിയുന്നതിന് ലൈബ്രറി കൗൺസിലുമായി സഹകരിച്ച് നടപ്പിലാക്കിയിട്ടുള്ള "സേവന" പദ്ധതി, ഐ. റ്റി. ഇ. എസ്. വ്യവസായത്തിന്റെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങളും പരിശീലന പരിപാടികളും നൽകുന്നതിനായി കൊച്ചിയിൽ ആരംഭിച്ച ഐ. റ്റി. ഇ. എസ്. ഫാബിറ്റാറ്റ്, സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് പദ്ധതി എന്നിവ ഐ. റ്റി. മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളാണ്.

(ഇ) ആരോഗ്യ രംഗത്ത് ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിംഗിന് കേരളത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് വിപ്രോ കമ്പനിയും അപ്പോലോ ഹെൽത്ത് സ്ട്രീറ്റ് എന്ന കമ്പനിയും പഠനം നടത്തിയിട്ടുണ്ട്.

ലേബർ അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ

69 [3474] ശ്രീ. ബിനോയ് വിശ്വം:
,, എൻ. രാജൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഒരു ലേബർ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ലേബർ അതോറിറ്റിയുടെ നിയന്ത്രണത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലാളികളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് വേണ്ടിയുള്ള എന്തെല്ലാം സഹായ പദ്ധതികൾ ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) ലേബർ അതോറിറ്റി രൂപീകരിക്കുന്നതിനായി 18149/ലെജി. സി2/2000/നിയമം എന്ന നമ്പരിൽ 28-1-2001-ൽ 'ലേബർ അതോറിറ്റി ഓർഡിനൻസ് 2001' എന്ന പേരിൽ മുൻ സർക്കാരിന്റെ കാലത്ത് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞു പോയതിനാൽ ഇപ്പോൾ അത് പ്രാബല്യത്തിലില്ല. എന്നാൽ ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യസത്തിന് സ്കോളർഷിപ്പ് നൽകുന്നതിനായി അതതു ക്ഷേമ ബോർഡുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

കർഷകത്തൊഴിലാളികളുടെ വരുമാന വർദ്ധനവിന് പുതിയ പദ്ധതി

70 [3475] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) കാർഷിക തൊഴിൽ ദിനങ്ങളിൽ ഉണ്ടായ കുറവ് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷക തൊഴിലാളികളുടെ വരുമാന വർദ്ധനവിന് പുതിയ പദ്ധതികൾ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കർഷക തൊഴിലാളികൾക്ക് പലിശ രഹിത ഭവന വായ്പ നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) കർഷക തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുമോ?

ഉത്തരം

(എ) 2001-ലെ കാനേഷുമാരി കണക്കനുസരിച്ച് കാർഷിക മേഖലയിൽ 1653601 കർഷകത്തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly